(സി) 2011 ഫെബ്രുവരി മാസത്തിൽ ടി സ്ഥാപനത്തിന്റെ തറക്കല്ലിടാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) ചെലവാകാനിടയുള്ള തുക നിർണ്ണയിക്കുന്ന ഘട്ടത്തിലാണ്.

ബാലസാഹിത്യ അവാർഡ്

114(803) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലസാഹിത്യ അവാർഡ് ബാലസാഹിത്യകാരന്മാർക്ക് നൽകാറുണ്ടോ ;

(ബി) ഏതൊക്കെ ഭാഷയിലുള്ള ബാലസാഹിത്യത്തിനാണ് പ്രസ്തുത അവാർഡ് നൽകുന്നത് ;

(സി) തമിഴ്, കന്നട, തുളു എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കേരളീയരുടെ ബാലസാഹിത്യകൃതികളെ അവാർഡ് പരിഗണനയിൽനിന്നും ഒഴിച്ചുനിർത്തിയിട്ടുണ്ടോ ;

(ഡി) ബാലജനങ്ങൾ രചിക്കുന്ന ബാലസാഹിത്യകൃതികൾക്ക് പുരസ്ക്കാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ബാലസാഹിത്യപുരസ്ക്കാരം സംബന്ധിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയിട്ടുള്ള നിബന്ധനകളടങ്ങിയ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാല സാഹിത്യകാരൻമാർക്ക് അവാർഡ് നൽകാറുണ്ട്.

(ബി) മലയാള ഭാഷയിലുള്ള ബാലസാഹിത്യത്തിനാണ് ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് നൽകുന്നത്.

(സി) തമിഴ്, കന്നട, തുളു എന്നീ ഭാഷകളിൽ എഴുതുന്ന കേരളീയരുടെ ബാലസാഹിത്യ കൃതികൾക്ക് അവാർഡ് നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ഡി) ബാലജനങ്ങൾ രചിക്കുന്ന കൃതികൾക്ക് അവാർഡ് നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി തീരുമാനിച്ചിട്ടില്ല.

(ഇ) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly